മംഗളം

15 May 2020



● സി.എം.എഫ്.ആർ.ഐ. പാർപ്പിട സമുച്ചയത്തിലെ തരിശുനിലക്കൃഷിക്ക് മന്ത്രി വി.എസ് സുനിൽ കുമാർ തൈകൾ നട്ട് തുടക്കം കുറിക്കുന്നു.

# കൃഷിയിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത; മാതൃകയായി സി.എം.എഫ്.ആർ.ഐ.

കൊച്ചി: മനസു വെച്ചാൽ കൃഷി ആർക്കും ചെയ്യാമെന്ന് പ്രവർത്തിച്ചു കാണിക്കുകയാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ).

സ്ഥാപനത്തിലെ ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ധരും മറ്റു ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും പങ്കാളികളാകുന്ന സി.എം.എഫ്.ആർ.ഐ കൃഷി ലോകം ക്ലബ്ബിന്റെ നേതൃത്വത്തിലാണ് കൊച്ചി നഗരസഭ പരിധിയിലെ മൂന്നേക്കറോളം വരുന്ന തരിശുനിലത്ത് കിഴങ്ങ്–പയർ വിളകളും പച്ചക്കറിയും കൃഷി ചെയ്യുന്നത്. സംസ്ഥാനത്തിന്റെ ഭക്ഷ്യ സ്വയംപര്യാപ്തതക്കായി പ്രവർത്തിക്കണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനത്തെ തുടർന്നാണ് കൃഷി.

സി.എം.എഫ്.ആർ.ഐയുടെ തേവര കസ്തൂർബാനഗറിലുള്ള പാർപ്പിട സമുച്ചയത്തിൽ നടക്കുന്ന കൃഷിക്ക് മന്ത്രി വി.എസ് സുനിൽ കുമാർ തുടക്കം കുറിച്ചു. കൃഷിലോകം ക്ലബ്ബിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

പാടശേഖരസമിതി അടിസ്ഥാനത്തിൽ നെല്ല് പുഴുങ്ങി ഉണക്കി കുത്തുന്ന ചെറിയ മിൽ രൂപകൽപന ചെയ്ത് പ്രവർത്തിച്ച് കാണിക്കാൻ സുനിൽ കുമാർ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തോട് നിർദേശിച്ചു. ഇടത്തരം നെൽകർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി ഇത്തരം മില്ലുകളുടെ അഭാവമാണെന്നും കെ.വി.കെ കർഷക ഉൽപാദന സംഘങ്ങളുമായി സഹകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ വികസിപ്പിക്കുന്ന മിനി റൈസ് മിൽ വിജയകരമാണെന്ന് തെളിഞ്ഞാൽ മറ്റ് സ്ഥലങ്ങളിലും ഇവ സ്ഥാപിക്കാൻ ഒരുക്കമാണെന്നും മന്ത്രി പറഞ്ഞു.

മറ്റുള്ളവരെ ആശ്രയിക്കാതെ സുരക്ഷിതമായ ഭക്ഷ്യവിഭവങ്ങൾ സ്വയം കൃഷിചെയ്ത് ഉൽപാദിപ്പിക്കുകയെന്ന സന്ദേശത്തിന് പ്രചാരം നൽകുകയാണ് സി.എം.എഫ്.ആർ.ഐയുടെ ലക്ഷ്യം. പൂർണമായും യന്ത്രവൽകൃത രീതിയിൽ നിലമൊരുക്കി ആദ്യപടിയായി, രണ്ടായിരത്തി അഞ്ഞൂറ് ചുവട് കപ്പ, മൂവായിരത്തോളം കുറ്റിപ്പയർ, ഇടവിളകളായി മറ്റ് പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ എന്നിവയാണ് കൃഷി നടത്തുന്നത്. സർക്കാർ സ്ഥാപനങ്ങൾ തന്നെ ഇത്തരം മാതൃകകളുമായി മുന്നോട്ട് വരുന്നത് പൊതുജനങ്ങളിൽ കൃഷിയോടുള്ള താൽപര്യം കൂട്ടുമെന്നാണ് കരുതുന്നതെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു.